പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3711 20.10.2016 -ലെ മറുപടിയ്ക്ക്

## ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സംവരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ, അവർ ഉൾപ്പെട്ടിരുന്നതും, അർഹതയുള്ളതുമായ ഒ. ബി. എച്ച് കാറ്റഗറിയിൽ ഉൾപ്പെടുത്തി സംവരണ ആനുകൂല്യത്തിന് പരിഗണിക്കാതെയിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) & (ബി) | ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് കേന്ദ്രീകൃത അലോട്ട്മെന്റ് വഴി പ്രവേശനം നടത്തുമ്പോൾ 6 ലക്ഷം എന്ന വരുമാന പരിധിയ്ക്ക് വിധേയമായി ഒ. ബി. എച്ച് വിഭാഗത്തിനർഹമായ സംവരണാനുകൂല്യം ധീവര സമുദായത്തിനും ലഭ്യമാക്കിയിട്ടുണ്ട്.<br><br>അഡ്മിഷൻ ഓൺലൈൻ ആയപ്പോൾ, ധീവര സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാളിതുവരെ ഡിഗ്രി അഡ്മിഷന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ സംവരണാനുകൂല്യം നഷ്ടമായിട്ടില്ല.<br><br>ഓൺലൈൻ അഡ്മിഷൻ നടപ്പിൽ വരുത്തിയപ്പോൾ, നിലവിലുള്ള സംവരണ നിയമങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | ധീവര സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാളിതുവരെ ഡിഗ്രി അഡ്മിഷന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ സംവരണ ആനുകൂല്യം അഡ്മിഷൻ ഓൺലൈൻ ആയപ്പോൾ നഷ്ടപ്പെട്ടതു സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ